# ഗവൺമെന്റ് ഓഫ് കേരള
## സംഗ്രഹം

വനം വകുപ്പ് 19–8–87 ൽ തുണ്ടത്തിൽ റെയ്ഞ്ചിൽ നടന്ന തേക്ക് കഴ ലേലം ശ്രീ.കെ. എ.ഹൈദ്രോസിന് പണം അടക്കാൻ കാലാവധി നീട്ടികൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം, വന്യജീവി (ഡി) വകുപ്പ്**

സർക്കാർ ഉത്തരവ് (സാധാരണ) 340/88/വനം, തിരുവനന്തപുരം, തീയതി 27–6–88

---

പരാമർശംഃ– 24.5.88 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സി5.19824/88 എന്ന കത്ത്

## ഉത്തരവ്

19.8.1987 ൽ തുണ്ടത്തിൽ റെയ്ഞ്ചിൽ നടന്ന തേക്കുകഴ ലേലത്തിൽ ശ്രീ.കെ. എ.ഹൈദ്രോസ് എന്നയാൾ 1,14,500/– രൂപയ്ക്ക് വിവിധ തരം തേക്കുകഴകൾ ലേലത്തിൽ പിടിക്കുകയും, ലേല ദിവസം തന്നെ 20,000/– രൂപ അടയ്ക്കുകയും ചെയ്തു. ബാക്കി തുകയായ 94,500/– രൂപയിൽ 70,750/– രൂപ മാത്രമേ ടിയാൻ അടച്ചുള്ളു. ബാക്കി തുകയായ 23,750/– രൂപ അടയ്ക്കാനുള്ള കാലാവധി 5–4–88 ൽ അവസാനിച്ചെങ്കിലും ടിയാൻ ഈ തുക ഇതേവരെ അടച്ചിട്ടില്ല.

2. ലേലക്കാരൻ പണമടയ്ക്കാത്തത് സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണെന്നും ഇപ്പോൾ ടിയാൻ പണം അടയ്ക്കാൻ സന്നദ്ധനാണെന്നും നിബന്ധനകൾക്ക് വിധേയമായി ടിയാനെ പണമടക്കാൻ അനുവദിക്കണമെന്നും മുഖ്യ വനപാലകൻ മേൽ പരാമർശിച്ച കത്തിൽ ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരവ് കൈപ്പറ്റുന്ന തീയതി മുതൽ 10 (പത്ത് ) ദിവസത്തേയക്ക്ക 5.4.88 നുശേഷമുള്ള കാലയളവിന് ലേല നോട്ടീസിലെ പരമാവധി പിഴ പലിശയുടെ ഇരട്ടിയായ 48% പിഴ പലിശ, 21/2% സർചാർജ്ജ് 6മാസം വരെ ലേല വ്യവസ്ഥ അനുസരിച്ചുള്ള തറവാടക അതിനുശേഷം ഓരോ മാസത്തേയ്ക്കും 6–ാം മാസത്തെ തറവാടകയുടെ ഇരട്ടി എന്നിവ ലേലക്കാരനിൽ നിന്നും ഈടാക്കികൊണ്ട് ബാക്കി പണം അടയ്ക്കാൻ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് ആകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ഒപ്പ്
ആർ ദിവാകരൻ നായർ
അണ്ടർ സെക്രട്ടറി
എ.പി.സി. ക്കുവേണ്ടി

ഉത്തരവിൻ പ്രകാരം /അയക്കുന്നത്
ഒപ്പ്
സെക്ഷൻ ഓഫീസർ

മേലെ.നം. സി5/19824/88/കെ.ഡിസ്.

ഓഫീസ് ഓഫ് ദി ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ, തിരുവനന്തപുരം
തീയതി. 10.8.88

പകർപ്പ് തൃശൂർ ഫോറസ്റ്റ് കൺസർവേറ്റർക്കും മലയാറ്റൂർ ഡിവിഷനിൽ ഫോറസ്റ്റാഫീസർക്കും അനന്തര നടപടികൾക്കായി അയക്കുന്നു.

ഒപ്പ്
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കുവേണ്ടി

മേലെഴുത്ത് നമ്പർ എ1.3878/88(എൽ ഡിഎസ്)

പകർപ്പ് എ1.2438/88 നമ്പർ ഫയലിലേയക്ക്
സ്റ്റോക്ക് ഫയലിലേയ്ക്ക്

കൺസർവേറ്റർക്കുവേണ്ടി